


بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

# ജുമുഅ ഖുത്ബ 2011 ആഗസ്ത് 5

## ഹദ്റത് ഖലീഫതുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

## (ഖുത്ബ നമ്പർ 31)

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ




# സാഹിബ് സാദി സയ്യിദാ നാസിറാ ബീഗം സാഹിബയെക്കുറിച്ചുള്ള അനുസ്മരണം

كُلُّ مَنْ عَلَيْهَا فَانٍ ﴿٢٧﴾ وَّيَبْقٰى وَجْهُ رَبِّكَ ذُو الْجَلٰلِ وَالْاِكْرَامِ ﴿٢٨﴾

ഈ ആയത്തുകളുടെ അർത്ഥം ഇപ്രകാരമാണ്. ഈ പ്രപഞ്ചത്തിലുള്ള സർവ്വ വസ്തുക്കളുംതന്നെ നശ്വരമാണ്. അനശ്വരമായിട്ടുള്ളത് പ്രതാപവാനും ആദരണിയ്യനുമായ നിന്റെ നാഥന്റെ വജ്ഹ് (മുഖം) മാത്രമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇത് സംബന്ധമായി പറയുന്നു. ഓരോ വസ്തുവും നാശമടയുന്നതാണ്. നിന്റെ നാഥന്റെ കൂടെയുള്ളത് മാത്രം നിലനിൽക്കും. പറയുന്നു:അല്ലാഹു തന്റെ അസ്ഥിത്വത്തിനല്ലാതെ മറ്റെല്ലാ വസ്തുക്കൾക്കും മരണം നിശ്ചയിച്ചിരിക്കുന്നു. **മഹ്മൂദ് കീ ആമീൻ** എന്ന പേരിൽ രചിച്ചിട്ടുള്ള തന്റെ മനോഹരമായ കവിതയിൽ ആ മഹാത്മാവ് പറയുന്നു. ഈ കവിത ആ മഹാത്മാവ് തന്റെ മൂത്ത മകൻ സയ്യിദ്നാ മഹ്മൂദ് മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ ആമീൻ ചടങ്ങിനെയാണ് എഴുതിയത്. ഈ കവിത ദുഃആയും സദുപദേശങ്ങളാലും നിർഭരമാണ്. ഈ കവിതയിൽ സയ്യിദ്നാ മുസ്‌ലിഹ് മൗഊദ് رضي الله عنه നോടൊപ്പം മറ്റു മക്കളെയും ഇതിലെ ദുഃആയിലും സദുപദേശങ്ങളിലും ആ മഹാത്മാവ് ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ജമാഅത്ത് ഒന്നടങ്കം ഇതിൽ ഉൾപ്പെടുന്നു. സുദീർഘമായ ഒരു കവിതയാണിത്. ഈ കവിതയിൽ ഈ ലോകത്തിന്റെ നശ്വരതയെയും ഇതിൽ നിന്നും വിട്ടകലേണ്ടതിനെയും പരാമർശിച്ചുകൊണ്ട് പറയുന്നു.

ഈ ദുൻയാവ് ഒരു സത്രമാണ്. ഇവിടെ കണ്ടുമുട്ടിയവരുമായി പിരിയേണ്ടിവരും. നൂറ് വർഷം ജീവിച്ചിട്ടുണ്ടെങ്കിൽ തന്നെയും അവസാനം വേർപാട് തന്നെയാണ് നിശ്ചയം.

മറ്റൊരു വരി ഇപ്രകാരമാണ്: ഇവിടെ പരാതി പറഞ്ഞിരിക്കാൻ അവസരമില്ല. അസ്ഥിരമാണ് ഈ ഗേഹം.

ഇക്കാലത്ത് ജനങ്ങളെ അല്ലാഹുവുമായി അടുപ്പിക്കാൻ വന്നിരിക്കുന്ന കാലഘട്ടത്തിന്റെ ഇമാം തന്റെ മക്കളുടെ സന്തോഷവേളകളിലും അവരെയും ജമാഅത്തിനെയും പറഞ്ഞ് ധരിപ്പിക്കുന്നത് യഥാർത്ഥ സന്തോഷം അല്ലാഹുവുമായി സുദൃഢ ബന്ധം സ്ഥാപിക്കുന്നതിലും അവന്റെ പ്രീതി കരസ്ഥമാക്കുന്നതിലുമാണ് എന്നാണ്.

ലോകർ സന്തോഷം കൊണ്ടാടുന്നത് നവംനവങ്ങളായ ബിദ്അത്തുകൾക്ക് ജന്മം നൽകിക്കൊണ്ടാണ്. വ്യർത്ഥമായ കാര്യങ്ങളിൽ അവർ ഉൾപ്പെടുന്നു. ഭൗതികലോകത്തെ കാണിക്കാൻ വേണ്ടിയാണ് സന്തോഷം ആഘോഷിക്കുന്നത്. എന്നാൽ ആ മഹാത്മാവ് പഠിപ്പിച്ചത് നമ്മുടെ സർവ്വവിധ ശ്രദ്ധയും കേന്ദ്രീകരിക്കേണ്ടത് നമ്മുടെ ദൈവത്തിലാണ്. അതിനാൽ നമ്മുടെ പ്രവർത്തനങ്ങളഖിലവും തന്നെ ദൈവപ്രീതി കരസ്ഥമാകുന്നതിലായിരിക്കണം. ഈ കാര്യം നാം മനസ്സിലാക്കിക്കഴിഞ്ഞാൽ നമ്മുടെ സങ്കടങ്ങളുടെയും സന്തോഷങ്ങളുടെയും എല്ലാം ഒഴുക്ക് ദൈവ പ്രീതിയിലേക്കായിരിക്കും.

തിരുനബി ﷺ ന്റെ പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനായി ആഗതനായിരിക്കുന്ന ആ മഹാത്മാവിന് ഏറ്റവും വലിയ സന്തോഷം, തന്റെ മക്കൾ അല്ലാഹുവിനെ പ്രേമിക്കുന്നവരായിത്തീരുന്നതിലും അവർ തിരുനബി ﷺ യുടെ സ്നേഹത്തിൽ മുഴുകുന്നവരായിത്തീരുന്നതിലും വിശുദ്ധ ഖുർആന്റെ രൂപത്തിൽ തിരുനബി ﷺ ക്ക് ഇറങ്ങിയ അല്ലാഹുവിന്റെ അവസാന ശരീഅത്ത് ഗ്രന്ഥം അവർ പാരായണം ചെയ്യുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമായിത്തീരുമ്പോഴുമാണുണ്ടാകുക. ഹഃ മുസ്‌ലിഹ് മൗഊദ് رضي الله عنه വിശുദ്ധ ഖുർആൻ ആദ്യമായി ഒരു പ്രാവശ്യം ഓതിത്തീർത്തപ്പോൾ ആ മഹാത്മാവ് ഒരു വലിയ സദ്യ ഒരുക്കി. പലരെയും ക്ഷണിച്ചു. ആ സന്ദർഭത്തിലേക്കാണ് പ്രത്യേകമായി ഈ കവിത രചിച്ചത്. ഞാൻ പറഞ്ഞതുപോലെ അതിലെ ഓരോ ഈരടിയും തന്നെ അർത്ഥസംപുഷ്ഠമായ സദുപദേശങ്ങളും ഉള്ളുരുകിയ പ്രാർത്ഥനകളും ദൈവസ്തുതികളും നിറഞ്ഞതാണ്. ഈ സന്തോഷവേളയിലും തിരുനബിയുടെ തിരുചര്യയെ പിൻപറ്റിക്കൊണ്ട് തന്റെ മക്കളോടും ജമാഅത്തിനോടും പറയുന്നത് ഇതാണ്. നോക്കൂ! ഈ ഭൗതികലോകത്തോടും ലോകരോടും അമിത താത്പര്യം കാണിക്കാതിരിക്കുക. അല്ലാഹുവിനെ എപ്പോഴും ഓർക്കുക. ജീവിതലക്ഷ്യം ഇതാണ്. ഒരു സമയം വരും, അന്ന് ഈ ലോകവും അതിലെ വസ്തുക്കളും എല്ലാം ഉപേക്ഷിച്ച് പോകേണ്ടതായിവരും. മനുഷ്യൻ ഈ ലോകത്തോട് വിട പറയുന്ന ഒരവസരം വരുന്നതാണ്.

പറയുന്നു: പരാതിക്കുള്ള അവസരം തന്നെ ഇവിടെയില്ല. ഈ വീട് തന്നെ നശ്വരമാണ്. ഈ ദുൻയാവും അതിലെ വസ്തുക്കളും അവശേഷിക്കാത്തതായിരിക്കേ അതിനോട് കെട്ടിപ്പിണഞ്ഞ് ജീവിക്കുക എന്നത് നിരർത്ഥകമാണ്. പിന്നെ പരാതിക്ക് സ്ഥാനമെവിടെ? സ്ഥായിയായ ഗുണം ആഗ്രഹിക്കുന്നുണ്ടെങ്കിൽ എപ്പോഴും നിലനിൽക്കുന്ന, അനശ്വരനായ അസ്ഥിത്വവുമായി ബന്ധം സ്ഥാപിക്കുക. എപ്പോഴും നിലനിൽക്കുന്ന അസ്ഥിത്വം പ്രതാപവാനും ആദരണീയ്യനുമായ അല്ലാഹുവിന്റെ അസ്ഥിത്വം മാത്രമാണ്.

ഞാൻ ഓതികേൾപ്പിച്ച ആയത്തുകളിലും അല്ലാഹു രണ്ട് സുപ്രധാന കാര്യത്തിലേക്കാണ് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഒന്നാമത്തെ കാര്യം എല്ലാ വസ്തുവിനും നാശമുണ്ട്. അൽപാൽപമായി അവയെല്ലാം അവസാനിക്കുന്നതാണ്. ഓരോ മനുഷ്യന്റെയും അവസാനം മരണമാണ്. രണ്ടാമത്തെ കാര്യം നാം മനസ്സിലാക്കേണ്ടത് വിശ്വാസികളും അല്ലാഹുവിന്റെ പ്രീതിക്കായി പ്രയത്നിക്കുന്നവരും അവനെ അന്വേഷിക്കുന്നവരും തന്റെ മക്കളെ നന്മയിൽ നില നിൽക്കുന്നതിനായി ശിക്ഷണം നൽകി വളർത്തുന്നവരും തങ്ങളുടെ ആത്മീയ ഉന്നമനത്തിനായി പരിശ്രമിക്കുന്നവരും വിശുദ്ധ ഖുർആന്റെ കൽപനകളനുസരിച്ച് ജീവിക്കാൻ യജ്ഞിക്കുന്നവരും എല്ലാം ഈ ഭൗതികലോകത്ത്നിന്ന് വിട്ടുപിരിയുമെങ്കിലും അവരുടെ ഇവിടത്തെ ജീവിതം അവസാനിക്കുമെങ്കിലും അവർക്ക് അനന്തമായ ഒരു ജീവിതം ലഭിക്കുന്നതാണ് എന്നാണ്. പരലോകത്ത് അല്ലാഹുവിന്റെ പ്രീതിയുടെ മടിത്തട്ടിൽ അവർ വന്നുചേരുന്നതാണ്.

فَادْخُلِيْ فِيْ عِبٰدِيْ ﴿٣٠﴾ وَادْخُلِيْ جَنَّتِيْ ﴿٣١﴾

എന്ന സ്നേഹമസൃണമായ ശബ്ദം അവർ അല്ലാഹുവിൽ നിന്ന്

ശ്രവിക്കുന്നു. വരൂ! എന്റെ വിശിഷ്ഠ ദാസരിൽ പ്രവേശിച്ചാലും. വരൂ! എന്റെ സ്വർഗത്തിൽ പ്രവേശിച്ചാലും.

ഹഃ മസീഹ് മൗഊദ് عليه السلام ഇക്കാലത്ത് അവതരിച്ചത് സൃഷ്ടികളെ സൃഷ്ടാവുമായി ബന്ധിപ്പിക്കാനാണ്. അവർക്ക് **ഫദ്ഖുലീ ഫീ ഇബാദീ** എന്ന വിഷയം മനസ്സിലാക്കിക്കൊടുക്കാനാണ്. അങ്ങനെ അവർ സ്ഥായിയായ സ്വർഗത്തിന്റെയും അനശ്വരമായ ജീവിതത്തിന്റെയും ഉടമസ്ഥരാകുന്നതാണ്.

സന്തോഷവേളയിൽ എഴുതിയ ഈ പദ്യത്തിലും പറയുന്നത് നിത്യ ജീവൻ അന്വേഷിക്കുക എന്നാണ്. കാരണം അല്ലാഹുവിനെ പ്രാപി ക്കാതെ യഥാർത്ഥ ജീവിതം കരഗതമാകുന്നതല്ല. അല്ലാഹുവിനെ പ്രാപിക്കാതെ നിത്യജീവൻ ലഭിക്കില്ല. വിശുദ്ധ ഖുർആൻ സൂറ: അൽ ഖസസിൽ അല്ലാഹു പറയുന്നു.

وَلَا تَدْعُ مَعَ اللّٰهِ اِلٰهًا اٰخَرَ ۘ لَآ اِلٰهَ اِلَّا
هُوَ ۟ كُلُّ شَیْءٍ هَالِكٌ اِلَّا وَجْهَهٗ ؕ
لَهُ الْحُكْمُ وَاِلَيْهِ تُرْجَعُوْنَ ﴿٨٩﴾

അല്ലാഹുവല്ലാത്ത മറ്റൊരു ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കരു ത്. അവനല്ലാതെ മറ്റൊരു ദൈവവും ഇല്ല. എല്ലാം നശിക്കുന്നതാ ണ്. അല്ലാഹുവിന്റെ ശ്രദ്ധ ഉള്ളതൊഴികെ. (അല്ലാഹുവിന്റെ ശ്രദ്ധ കേന്ദ്രീകരിച്ച്,ഒഴികെ മറ്റെല്ലാം നശിക്കുന്നതാണ്.) കൽപന അവന്റെ അധികാരത്തിലാണുള്ളത്. എല്ലാം അവനിലേക്ക് മടക്കപ്പെടുന്നതാ ണ്.നാം ഓർത്തിരിക്കേണ്ട വിഷയമാണിത്. ഈ മാർഗം സ്വായത്ത മാക്കാൻ നാം ശ്രമിക്കണം. ഈ ലക്ഷ്യമാണ് നാം കരസ്ഥമാക്കേണ്ടത്. ജീവിതലക്ഷ്യം ഇതുതന്നെയാണ്. അല്ലാഹു പറയുന്നു.

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ ﴿٥٧﴾ എന്നെ ആരാധിക്കാനായ ല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ പടച്ചില്ല.

ഇബാദത്തിന്റെ പൊരുൾ മനസ്സിലാകുന്നതും അതനുസരിച്ച് പ്രവർ ത്തിക്കുന്നതും അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല എന്ന് മനുഷ്യർ ശരിക്കും തിരിച്ചറിയുമ്പോഴാണ്. എല്ലാം തന്നെ നശിക്കുന്ന താണ്. അല്ലാഹുവിന്റെ ശ്രദ്ധ ഉള്ളതൊഴികെ. ആരാണോ സദുദ്ദേ ശ്യത്തോടെ അവനെ ആരാധിക്കുകയും അവനെ ഏകനായിക്കരു തി അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നത് അവനിലേ ക്കാണ് അല്ലാഹുവിന്റെ ശ്രദ്ധയുണ്ടാകുന്നത്. അല്ലാഹു ഇബാദ ത്തിന്റെ മാർഗം പറഞ്ഞുതന്നപ്പോൾ അതിനെ പരിപോഷിപ്പിക്കാനും അതിനെ മോടിപിടിപ്പിക്കാനും വിവിധ അവസരങ്ങളും ഒരുക്കിയി ട്ടുണ്ട്. നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന റമദാൻ മാസം എല്ലാ വർഷവും വരുന്നത് നാം നമ്മുടെ സൃഷ്ടാവായ അല്ലാഹുവിനെ തിരി ച്ചറിഞ്ഞ് നമ്മേ നാശത്തിൽ നിന്നും രക്ഷിക്കാൻ വേണ്ടിയാണ്. നമ്മുടെ നന്മയുടെ നിലവാരം ഉയർത്താൻ വേണ്ടിയാണ്. നമ്മുടെ ആത്മീയ തയെ ഉയർത്താൻ വേണ്ടിയാണ്. അതുകൊണ്ട് ഈ അവസരങ്ങളെ ഉപയോഗപ്പെടുത്തുന്നവർ ഭാഗ്യവാന്മാർ. അങ്ങനെ അവർ അല്ലാ ഹുവിനെ ആരാധിക്കാനായി വർഷം മുഴുവനും പരിശ്രമിച്ചുകൊണ്ടി രിക്കുന്നു. സ്ഥിരചിത്തതയോടുകൂടി അല്ലാഹുവിനെ ആരാധിക്കുന്ന വാൻ പരിശ്രമിക്കുന്നവർ **കുല്ലു ശൈഇൻ ഹാലുക്കുൻ** എല്ലാം നശിക്കും എന്ന പരമാർത്ഥം മുന്നിൽ വെക്കുകയും ഒരിക്കലും നശി ക്കാത്ത, മരിക്കാത്ത ഒരു അസ്ഥിത്വമുണ്ട് എന്ന് അംഗീകരിക്കുകയും ചെയ്യുന്നവരാണ്. മരണശേഷം അവന്റെ മുമ്പിൽ നാം ഹാജരാകേ ണ്ടവരാണെന്ന് അവർ മനസ്സിലാക്കുന്നു. അവിടെ നമ്മുടെ കർമ്മ ങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നതാണ്. **കുല്ലു ശൈഇൻ ഹാലുക്കുൻ** എന്നതിൽ അല്ലാഹുതആലാ നമ്മേ പഠിപ്പിക്കുന്നത് മരണം സുനിശ്ചിതമാണെങ്കിലും, അതിൽ നിന്ന് ആർക്കും ഓടി ര ക്ഷപ്പെടാൻ സാധ്യമല്ലെങ്കിലും, ഒരു മനുഷ്യനും അതിൽ നിന്ന് രക്ഷ പ്പെടാൻ സാധ്യമല്ലെങ്കിലും, ആരാണോ വജ്ഹുല്ലാഹ് ആയിത്തീരു ന്നത് അവർ നവജീവൻ കരസ്ഥമാക്കുന്നു. അല്ലാഹുവിന്റെ സ്നേഹ ത്തിന്റെ മടിത്തട്ടിൽ അവർ വരുന്നു.

അല്ലാഹുവിന്റെ വജ്ഹിൽ മുഴുകുന്നവർ ആരാണെന്ന വിഷയ ത്തിലേക്ക് ഞാൻ തിരിച്ചുവരികയാണ്. അവർ തങ്ങളുടെ സൃഷ്ടി പ്പിന്റെ ലക്ഷ്യം മനസ്സിലാക്കിയവരാണ്. അതനുസരിച്ച് തങ്ങളുടെ ജീവിതം നയിക്കുന്നവരാണ്. അതുകൊണ്ട് ഈ ലോകത്ത് വെച്ച് ഈ വിഷയം മനസ്സിലാക്കാൻ ശ്രമിക്കുന്നവർ ഭാഗ്യവാന്മാരാണ്. ഇത നുസരിച്ച് പ്രവർത്തിക്കാൻ അവർ ശ്രമിക്കുന്നു. അല്ലാഹു തആലാ നാം ഓരോരുത്തർക്കും ഈ വിഷയം മനസ്സിലാക്കാനും അത് പ്രാവർ ത്തികമാക്കാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഈ റമദാൻ നമ്മുടെ പൂർവ്വികന്മാർ ഈ വിഷയം മനസ്സിലാക്കി അത് കരസ്ഥമാക്കാൻ ശ്രമിച്ച ആ സ്ഥാനത്തേക്ക് നമ്മേ അടുപ്പി ക്കുന്നതാക്കുമാറാകട്ടെ. അവർ ആ മാർഗത്തിൽ ചരിക്കാൻ പ്രയ ത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പുതിയ തലമുറ യിലും ഈ ഒരവസ്ഥ സംജാതമാക്കാനുള്ള പ്രേരണ അവർ ഇട്ടുത രികയും ചെയ്തു.

നമ്മുടെ പ്രിയപ്പെട്ടവരാരെങ്കിലും ഈ ലോകത്ത് നിന്ന് വിടപറയു മ്പോൾ ഈ വിഷയത്തിലേക്ക് കൂടുതൽ ശ്രദ്ധയുണ്ടാകുന്നു. അല്ലാ ഹുവിന്റെ അസ്ഥിത്വത്തിൽ വിശ്വാസമുള്ള ഓരോരുത്തർക്കും ഇതിൽ പ്രത്യേക താത്പര്യം ഉണ്ടായിത്തീരേണ്ടതാണ്. കഴിഞ്ഞ ദിവസം എന്റെ ഉമ്മ വഫാത്താകുകയുണ്ടായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ഞാൻ അവരുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം അവരുടെ ആരാധനയുടെ ഉന്നത നിലവാരം എന്റെ മുമ്പിൽവരുന്നു. വിശുദ്ധ ഖുർആനിൽ ചിന്തിച്ചുകൊണ്ട് അതിനെ മണിക്കൂറുകളോളം പാരായണം ചെയ്യു ന്നതും എന്റെ മുമ്പിലൂടെ കടന്നു പോകുന്നു. അവരുടെ നമസ്ക്കാ രത്തിലുള്ള മുഴുകൽ, മഗ്രിബ് നമസ്കരിച്ച് ഇശാ നമസ്ക്കാരം വരെ കാത്തിരിക്കലും ഇശാക്ക് ശേഷവും മണിക്കൂറുകൾ അതിൽ കഴി ച്ചുകൂട്ടുന്നതും എന്റെ മുമ്പിലുള്ള മാതൃകയാണ്. എന്റെ ഉമ്മ ഹ. മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടം പ്രാപിച്ചിട്ടില്ലെങ്കിൽ കൂടി ജമാ അത്തിന്റെ ആദ്യ കാലഘട്ടം കണ്ടിട്ടുണ്ട്. ഹ. ഖലീഫ അവ്വലിന്റെ വാത്സല്യവും പ്രാർത്ഥനകളും അവർക്ക് ലഭിച്ചിട്ടുണ്ട്. സഹാബിമാ രിൽ നിന്നും സഹാബിയമാരിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കി യിട്ടുണ്ട്. ഹ.മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തിന് വളരെ അടു ത്തായതുകൊണ്ട് അതിന്റെ പ്രതാപവും ഹ. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ മൂത്തമകളും മക്കളിൽ രണ്ടാമത്തെതും ആണെന്ന കാരണം കൊണ്ട് ഹ. മസീഹ് മൗഊദ് عليه السلام മുമായി നേരിട്ട് ശിക്ഷ ണം ലഭിച്ചവരുടെ സ്വാധീനം അവരിൽ വ്യക്തമായും പ്രകടമായിരു ന്നു. അവരുടെ നടപ്പിലും ഇരിപ്പിലും സംസാരത്തിലും ജീവിത ശൈലിയിലും ഒരു പ്രൗഢിയും മാന്യതയും നിലനിന്നിരുന്നു. ഈ പ്രൗഢിയും മാന്യതയുമാണ് ഒരു വിശ്വാസിയിൽ നിലനിൽക്കേണ്ടത്. അല്ലാഹുവിനോട് സ്നേഹം പങ്കിടാനുള്ള തീഷ്ണമായ ആവേശം അവരിൽ പ്രകടമായിരുന്നു. ഈ ആവേശപ്രകടനം തന്റെ പദ്യങ്ങ ളിലും അവർ പ്രകടമാക്കിയിട്ടുണ്ട്. അവരുടെ നമസ്ക്കാരത്തിലുള്ള ഉള്ളുരുക്കം കണ്ട് എനിക്ക് ഖണ്ഢിതമായും ഒരു കാര്യം പറയാൻ സാധിക്കും, അവരുടെ പദ്യങ്ങൾ താഴ്വാരത്തിൽ അലഞ്ഞു നട ക്കുന്ന കവികളുടെ വാചകക്കസർത്തുകളല്ല. ഉപരിപ്ലവമായ വാക്കു കൾ കൊണ്ടുള്ള അമ്മാനമാടലല്ല. ഇത് തികച്ചും ഹൃദയത്തിന്റെ ശബ്ദ മാണ്. ഒരു കവിതയുടെ ചില വരികൾ ഞാൻ സമർപ്പിക്കുന്നു.

അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ട് പറയുകയാണ്: സ്നേഹവും കാരുണ്യവും ഔദാര്യവും എല്ലാം നിന്റേതാണ്. ഞാൻ എല്ലായിപ്പോഴും നിന്റെ പ്രീതിയാണ് ആഗ്രഹിക്കുന്നത്. അവനെ അനുസരിക്കുന്നതിന്നായി സർവ്വതും സമർപ്പിച്ച് ഞാൻ മാലിക്കായ നാഥന്റെ ആശ്രയമാണ് ആഗ്രഹിക്കുന്നത്. എന്റെ ഹൃദയമാകുന്ന വീട്ടിൽ നീ മാത്രമായിരിക്കട്ടെ. നിന്റെ കാരുണ്യത്തിന്റെ പുതപ്പാണ് ഞാനും ആഗ്രഹിക്കുന്നത്.

ഒരിക്കൽ തിരുനബി ﷺ സഹാബാക്കളൊന്നിച്ച് നിൽക്കുമ്പോൾ ഒരു ജനാസ കൊണ്ടുപോകുകയുണ്ടായി. സഹാബാക്കൾ മരിച്ച വ്യക്തിയെക്കുറിച്ച് കുറെ ഗുണങ്ങൾ വിവരിക്കുകയുണ്ടായി. തിരുനബി ﷺ പറഞ്ഞു. അദ്ദേഹത്തിന് നിർബന്ധമായിരിക്കുന്നു. പിന്നീട് സഹാബത്ത് ചോദിച്ചു. യാ റസൂലല്ലാഹ്! എന്താണ് നിർബന്ധമായത്. തിരുനബി ﷺ പറഞ്ഞു. ജന്നത്ത് അദ്ദേഹത്തിന് നിർബന്ധമായിരിക്കുന്നു. ഏതൊരു വ്യക്തിയുടെ നന്മയെക്കുറിച്ചാണോ ജനങ്ങൾ എണ്ണിപ്പറയുന്നത് അല്ലാഹുതആലാ അദ്ദേഹത്തിന്റെ പാപപ്പൊറുതിക്കുള്ള അവസരം ഒരുക്കുന്നു. എന്റെ ഉമ്മയുടെ വഫാത്തിൽ എത്രയോ അനുശോചനസന്ദേശങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അവരുമായി നേരിട്ട് ബന്ധം പുലർത്തിയവർ അവരുടെ ഓരോ ഗുണങ്ങൾ എടുത്ത് വിവരിക്കുന്നുണ്ട്. അതുകൊണ്ട് ജനങ്ങളുടെ ഇത്രമാത്രമുള്ള കത്തുകളും അതോടൊപ്പം ഞാൻ അവരിൽ കണ്ട ഗുണങ്ങളും എല്ലാം വെച്ചുകൊണ്ട് ഞാൻ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ്, അവരുടെ ഈ പ്രാർത്ഥന പ്രകാരം അതായത് അല്ലാഹുവെ ഞാൻ നിന്റെ കാരുണ്യത്തിന്റെ പുതപ്പ് ആഗ്രഹിക്കുന്നുഎന്നത് സ്വീകരിച്ചുകൊണ്ട് തന്റെ മഗ്ഫിറത്തിന്റെയും കാരുണ്യത്തിന്റെയും പുതപ്പിൽ അല്ലാഹു അവരെ പുതപ്പിച്ചിട്ടുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

എന്റെ പ്രിയ നാഥാ! എന്റെ ഉമ്മയോട് അവർ തന്റെ ഈ വരികളിൽ പ്രാർത്ഥിച്ചതുപോലുള്ള പെരുമാറ്റം നീ കാണിക്കേണമേ. അവരുടെ മക്കളായ ഞങ്ങളെയും ആ വിഷയം മനസ്സിലാക്കുന്നവരാക്കി മാറ്റേണമേ. ഞങ്ങളെ ഈ ദുൻയാവിലും മരണശേഷവും നിന്റെ റഹ്മത്തിന്റെ പുതപ്പിൽ തന്നെ പൊതിയേണമേ. അവരുടെ പ്രതീക്ഷക്കൊത്ത് ഉയരാത്തവരായി ഞങ്ങൾ മാറാതിരിക്കട്ടെ. അല്ലാഹു അവരുടെ ഭാവിസന്താനങ്ങളെയും ദൈവപ്രീതി കരസ്ഥമാക്കുന്നവരാക്കി മാറ്റട്ടെ.

അവരെക്കുറിച്ച് ചുരുങ്ങിയ രീതിയിൽ ചില കാര്യങ്ങൾ വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ മൂത്ത മകളും കുട്ടികളിൽ മൂത്ത കുട്ടിയായ ഖലീഫത്തുൽ മസീഹ് സാലിസിന് ശേഷം ഉള്ളവരുമായിരുന്നു. ഹ. സയ്യിദ് മഹ്മൂദാ ബീഗം സാഹിബയിൽ (ഉമ്മെ നാസിർ സാഹിബ എന്നാണ് ഇവർ അറിയപ്പെടുന്നത്) ഒക്ടോബർ 1911 ലാണ് ജനിച്ചത്. ഹ.മുസ്‌ലിഹ് മൗഊദ് رضي الله عنه ഉം ഹ: ഉമ്മെ നാസിർ സാഹിബയുമായി നടന്ന വിവാഹത്തെക്കുറിച്ച് അൽപം വിവരിക്കാം. 1902 ലാണ് ഈ നിക്കാഹ് നടന്നത്. സയ്യിദ മഹ്മൂദാ ബീഗം സാഹിബ ഹ:ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് رضي الله عنه ന്റെ മകളായിരുന്നു. ഹ.ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ സാമ്പത്തിക ത്യാഗം കണ്ട് കൊണ്ട് ഹ.മസീഹ് മൗഊദ് عليه السلام ഒരിക്കൽ പറഞ്ഞിരുന്നു:- ഇനി ഇദ്ദേഹം സാമ്പത്തിക ത്യാഗം ചെയ്തിട്ടില്ലെങ്കിലും ചെയ്തതു തന്നെ എത്രയോ മതിയാകുന്നതാണ്.എന്നിരുന്നാലും അദ്ദേഹം അവസാന നിമിഷം വരെ സാമ്പത്തിക ത്യാഗം ചെയ്തുകൊണ്ടിരുന്നു. 1902ൽ നിക്കാഹ് നടന്നു. ഒക്ടോബർ 1903 ലാണ് വിവാഹം നടന്നത്. ഹ. മസീഹ് മൗഊദ് عليه السلام ഈ വിവാഹാലോചന വന്നപ്പോൾ ഹ. ഡോക്ടർ റശീദുദ്ദീൻ സാഹിബിന് ഇപ്രകാരം എഴുതി.ഈ ബന്ധം മഹ്മൂദിന് ഇഷ്ടമാണെന്നാണ് തോന്നുന്നത്. ഇൽഹാം മുഖേന ഇതുവരെ ഒന്നും അറിയാൻ സാധിച്ചിട്ടില്ലെങ്കിലും മഹ്മൂദിന്റെ ഇഷ്ടംപ്രകടമാക്കുന്നത് അല്ലാഹുവിന്റെ തൃപ്തിയുടെ അടിസ്ഥാനത്തിൽ തന്നെ മുന്നോട്ടുപോകുമെന്നത്. ഇതിന്റെ ശരിയായ വശം അല്ലാഹുവിന്നറിയാം. ഈ വിവാഹം തീർച്ചയായും അല്ലാഹുവിന്റെ തൃപ്തിയുടെ അടിസ്ഥാനത്തിലായിരുന്നു. കാരണം അദ്ദേഹത്തിന്റെ മൂത്തമകൻ ഹ. മിർസാ നാസിർ അഹ്മദ് സാഹിബിനെ അല്ലാഹു ഖലീഫയാക്കി.

എന്റെ ഉമ്മയുടെ നിക്കാഹ് 1934 ജൂലൈ 2-ാം തിയ്യതിയാണ് നടന്നത്. എന്റെ പിതാവ് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബുമായാണ് നടന്നത്. അദ്ദേഹം മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ)ന്റെ മകനാണ്. ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) യുടെ നിക്കാഹും അതിനോടൊപ്പം നടന്നു. ഈ അവസരത്തിൽ ഹ.ഖലീഫത്തുൽ മസീഹ് സാനി رضي الله عنه മസ്ജിദ് അഖ്സ ഖാദിയാനിൽ ഒരു സുദീർഘ ഖുത്ബ നൽകിയിരുന്നു. ഈ രണ്ട് നിക്കാഹിൽ ആദ്യത്തെ നിക്കാഹ് ഹ. മിർസാ നാസിർ അഹ്മദ് ഖലീഫത്തുൽ മസീഹ് സാലിസിന്റേതായിരുന്നു. രണ്ടാമത്തെ നിക്കാഹ് എന്റെ ഉമ്മയുടേതും. ഇവിടെ ഞാൻ ആ ഖുത്ബയുടെ ചില ഭാഗങ്ങൾ സമർപ്പിക്കുകയാണ്. ഇത് പൊതുവിൽ ജമാഅത്തിന് വേണ്ടിയാണെങ്കിലും പ്രത്യേകിച്ച് ഇത് ഹ.മസീഹ് മൗഊദ് عليه السلام ന്റെ കുടുംബാംഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. അവർക്ക് ഇത് കേട്ട് അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഓർമ്മവരുന്നതാണ്. എന്റെ ഉമ്മ തന്റെയും മറ്റുള്ളവരുടെയും ശിക്ഷണത്തിനായി ഏപ്പോഴും പരിശ്രമിക്കുകയും അവരുടെ ഉന്നത പദവിക്കായി ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തവരാണ്. അവർക്കും ഇതിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. അവരുടെ വഫാത്തു കാരണമാണ് എനിക്ക് ഇതിലേക്ക് ശ്രദ്ധ ഉണ്ടായിട്ടുള്ളത്.

ഹ. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه പറയുന്നു.

وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ എന്നതിൽ പറഞ്ഞിരിക്കുന്നത് തിരുനബി ﷺ യുടെ പരിപൂർണ്ണ പ്രതിപുരുഷന്റെ ആഗമനത്തെക്കുറിച്ചാണ്. എന്റെ യഥാർത്ഥ പ്രതിപുരുഷൻ എന്ന് പറയപ്പെടുന്ന വ്യക്തി അക്കാലത്ത് വെളിപ്പെട്ടാൽ അദ്ദേഹമായിരിക്കും ദജ്ജാലിനെ നേരിടുക. അതല്ലാതെ ഈ ദജ്ജാലിനോട് യുദ്ധം ചെയ്ത് നശിക്കുകയല്ലാതെ മുസ്‌ലിംകൾക്ക് മറ്റൊരു മാർഗവും ഉണ്ടാവില്ല. ഈ അതിശക്തമായ ഫിത്നയെ നേരിടാൻ തിരുനബി ﷺ ചെയ്ത പ്രവചനം അതല്ലെങ്കിൽ നമ്മോട് ചെയ്തിരിക്കുന്ന അപ്പീൽ എന്നത് ഇങ്ങിനെയുള്ള ഫിത്ന ഉടലെടുത്താൽ ഫാർസി വംശത്തിൽ നിന്ന് ചിലർ എഴുന്നേറ്റു നിൽക്കുന്നതും അവർ നാനാതരം ഫിത്നകളെയും ആപത്ഘട്ടങ്ങളെയും തരണം ചെയ്തുകൊണ്ട് ലോകത്ത് വീണ്ടും വിശ്വാസം സ്ഥാപിക്കുന്നതുമായിരിക്കും എന്നാണ്.

ഇത് വെറുമൊരു പ്രവചനം മാത്രമായിട്ടല്ല ഞാൻ മനസ്സിലാക്കുന്നത്, തിരുനബി ﷺ യുടെ ഒരു ആഗ്രഹമാണ്. ഒരു പ്രതീക്ഷയാണിത്. അബ്നായെ ഫാർസിയോട് തിരുനബി ﷺ ആഗ്രഹിക്കുന്നതെന്താണെന്ന് ഇതിൽ നിന്ന് നിന്നും വ്യക്തമാകുന്നതാണ്. ഈ ഫിത്നയുടെ അപകടങ്ങളെക്കാളും വളരെ കുറഞ്ഞതും അതിന്റെ റിസൽട്ടിനേക്കാളും വളരെ കുറഞ്ഞതും, അതിന്റെ പ്രതികരണങ്ങളെക്കാളും വളരെ കുറഞ്ഞ രീതിയിലും തിരുനബി ﷺ യുടെ കാലത്തും ഫിത്നകൾ പുറപ്പെട്ടിട്ടുണ്ട്. സഹാബാക്കൾ അക്കാലത്ത് കാണിച്ച മാതൃക ചരിത്രത്തിന്റെ ഏടുകളിൽ ഇന്നും കാണാവുന്നതാണ്. തുടർന്ന് അതിന്റെ വിശദീകരണം കേൾപ്പിക്കുകയുണ്ടായി. സഹാബാക്കൾ ഏത് മാതൃകയാണ് കാണിച്ചത് എന്നും തങ്ങളുടെ ജീവൻ ഏതു രീതിയിൽ സമർപ്പിച്ചു എന്നും അതിൽ പറയുന്നുണ്ട്.

തുടർന്ന് മുസ്‌ലിഹ് മൗഊദ് رضي الله عنه മക്കാ വിജയത്തിന് ശേഷം നടന്ന യുദ്ധത്തെക്കുറിച്ച് വിവരിക്കുന്നു. അതിൽ നവ മുസ്‌ലിംകൾ പങ്കെടുത്തിരുന്നു. അവരുടെ എണ്ണത്തിന്റെ ആധിക്യത്തിൽ അവർ അഹങ്കരിച്ചിരുന്നു. മാത്രമല്ല അതിൽ അഭിമാനം കൊണ്ടിരുന്നു. എന്നാൽ ശത്രുക്കളുടെ ശരവർഷം തുടങ്ങിയപ്പോൾ അവർക്ക് അതിനുമുമ്പിൽ നിൽക്കാൻ കഴിഞ്ഞില്ല. ആ നവാഗതരുടെ വിശ്വാസക്കുറവുമൂലമോ അവർക്ക് വേണ്ടത്ര പരിശീലനം ലഭിക്കാത്തത് കാരണമായോ അവരുടെ കുതിരകൾ തിരിഞ്ഞോടാൻ തുടങ്ങിയപ്പോൾ ആദ്യകാല സഹാബാക്കളുടെ നിരയും ചിന്നിചിതറി. അവരുടെ കുതിരകളും നാലുപാടും ഓടാൻ തുടങ്ങി. അതിന്റെ ഫലമായി തിരുനബി ﷺ യുടെ ചുറ്റും പത്ത് പന്ത്രണ്ട് സഹാബാക്കൾമാത്രം അവശേഷിക്കുകയുണ്ടായി.അപ്പോൾ തിരുനബി ﷺ ഒരു സഹാബിയോട് പറഞ്ഞു അൻസാറുകളുടെ പേരെടുത്ത് പറഞ്ഞ് ഇപ്രകാരം വിളിച്ചു പറയുക. അൻസാറുകളെ അല്ലാഹുവിന്റെ പ്രവാചകൻ നിങ്ങളെ വിളിക്കുന്നു.അവരുടെ കുതിരകൾ നെട്ടോട്ടമോടിക്കൊണ്ടിരുന്ന ആ സമ

യത്ത് അവർ കുതിരകളെ യുദ്ധക്കളത്തിലേക്ക് തിരിച്ചുവിടാൻ ശ്രമിച്ചെങ്കിലും അതിന് കഴിയാതെ വന്നു. സഹാബാക്കൾ പറയുന്നു; ഞങ്ങൾ കുതിരകളുടെ കടിഞ്ഞാൽ വളരെ ശക്തിയായി വലിക്കുമായിരുന്നു. അതിന്റെ ശിരസ് പുറം ഭാഗത്ത് പോയി മുട്ടിയിരുന്നു. എന്നിട്ടും അതിനെ വിട്ടുകഴിഞ്ഞാൽ അത് പുറത്തേക്ക് ഓടും. എന്നാൽ അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു എന്ന ശബ്ദം ഞങ്ങൾ കേട്ടപ്പോൾ സഹാബാക്കൾ പറയുന്നു. ഞങ്ങളുടെ ശരീരത്തിൽ മിന്നൽ പിണർ പ്രവഹിച്ചതുപോലെ ഞങ്ങൾക്കനുഭവപ്പെട്ടു. യാത്രാമൃഗങ്ങളെ നിയന്ത്രിക്കാൻ ആവതും ശ്രമിച്ചു. എന്നിട്ടും അവയെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ചിലർക്ക് മൃഗങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞു. അവർ തിരുദൂതരുടെ അടുത്തേക്ക് കുതിച്ചു. എന്നാൽ ചിലർ മൃഗങ്ങളുടെ കഴുത്ത് വെട്ടുകയും അങ്ങനെ അതിനെ നിർത്തി അതിൽ നിന്നും ചാടി ഇറങ്ങി തിരുനബിയുടെ ശബ്ദത്തിന് ഉത്തരമരുളിക്കൊണ്ട് തിരുദൂതരുടെ അടുത്ത് ഒത്തുകൂടുകയും ചെയ്തു. ഹ. മുസ്‌ലിഹ് മൗഊദ് ﷺ പറയുന്നു. ആ ശബ്ദത്തെക്കാളും മഹത്വത്തോടെ, ആ ശബ്ദത്തെക്കാളും ദൃഢനിശ്ചയത്തോടെ, ആ ശബ്ദത്തെക്കാളും വലിയ പ്രതീക്ഷയോടെ, ആ ശബ്ദത്തെക്കാളും കൂടുതൽ സ്നേഹത്തോടെ, അല്ലാഹുവിന്റെ റസൂൽ 1300 വർഷം മുമ്പ് ഒരു കാര്യം പറഞ്ഞിരുന്നു.

لَوْ كَانَ الْاِيْمَانُ عِنْدَ الثُّرَيَّا لَنَا لَهُ رِجَالٌ مِّنْ هٰؤُلَآءِ

ഇസ്‌ലാം തുടച്ചുമാറ്റപ്പെടുമ്പോൾ, ദജ്ജാലിന്റെ ഫിത്ന ഭൂലോകത്ത് വ്യാപിക്കുമ്പോൾ, വിശ്വാസം നഷ്ടപ്പെടുമ്പോൾ, രാത്രിയിൽ വിശ്വാസിയും പകൽ കാഫിറുമായിത്തീരുന്ന അവസ്ഥ വരുമ്പോൾ, രാവിലെ വിശ്വാസിയും വൈകീട്ട് കാഫിറുമായിത്തീരുമ്പോൾ ആ സമയത്ത് ഫാർസി വംശത്തിൽ നിന്ന് ചിലർ എഴുന്നേൽക്കുമെന്നും അവർ എന്നിൽനിന്ന് ഉയർന്ന ഈ ശബ്ദത്തിന് ലബ്ബൈക്ക് പറയുമെന്നും വിശ്വാസത്തെ (ഈമാനെ) സുരയ്യയിൽ നിന്ന് തിരിച്ചുകൊണ്ടുവരുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഈ വാക്കുകളിൽ തിരുനബി ﷺ റജുലുൻ എന്നല്ല പറഞ്ഞത്. റിജാൽ എന്നാണ് പറഞ്ഞത്. ഇസ്‌ലാമിക പ്രബോധന പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം ഫാർസി വംശത്തിലെ ഒരാളിൽ മാത്രം അവസാനിക്കുകയില്ല. മറിച്ച് അദ്ദേഹത്തിന്റെ മക്കളിലും ഈ ഉത്തരവാദിത്വം ഉണ്ടായിരിക്കും. അവരിൽ നിന്നും തിരുനബി ﷺ പ്രതീക്ഷിക്കുന്നത് ഫാർസി വംശത്തിൽ നിന്ന് വന്ന ആ വ്യക്തിയിൽനിന്നും പ്രതീക്ഷിക്കുന്നത് തന്നെയാണ്. ഈ ഒരു ശബ്ദം പ്രതീക്ഷകൾ അസ്തമിച്ചപ്പോൾ തിരുനബി ﷺ അസ്വസ്ഥരായിരുന്ന സാഹാബാക്കളുടെ ഹൃദയത്തിന് ശക്തി പകരാനായി ഉയർത്തിയതായിരുന്നു. അതേപോലെ അബ്നായെ ഫാരിസിൽ നിന്നും തിരുനബിയുടെ പ്രതീക്ഷയാണ് ഈ വാക്കുകളിലൂടെ പ്രകടിപ്പിച്ചത്. ഞാൻ ഈ ഉത്തരവാദിത്വത്തെയും അമാനത്തിനെയും നിറവേറ്റുകയാണ്. അതുകൊണ്ട് റജുലെ ഫാരിസിന്റെ സന്താനപരമ്പരയിലുള്ള എല്ലാ അംഗങ്ങൾക്കും തിരുനബി ﷺ യുടെ ഈ സന്ദേശം ഞാൻ എത്തിക്കുകയാണ്. ഉമ്മത്തെ മുഹമ്മദിയ്യയുടെ തകർച്ചക്ക് ശേഷം തിരുനബി ﷺ പ്രതീക്ഷയർപ്പിച്ചത് رِجَالٌ مِنْ اَبْنَاءِ الْفَارِس എന്നതിലാണ്. ഈ ഫാർസിയുടെ മക്കൾ ഭൗതികതയോടുള്ള അത്യാർത്ഥിയും അഭിവൃദ്ധിയും എല്ലാം ഉപേക്ഷിച്ച് കൊണ്ട് ഒരു കാര്യത്തിനുവേണ്ടി മാത്രം തങ്ങളെ സമർപ്പിക്കുന്നതാണ്. ആ ജോലി ലോകത്ത് ഇസ്‌ലാമിനെ വ്യാപിപ്പിക്കുക എന്നതാണ്. ഈമാനെ സുരയ്യയിൽ നിന്നും തിരിച്ചു കൊണ്ടുവരിക എന്നതും സൃഷ്ടികളെ ദൈവസമക്ഷം വണങ്ങുന്നവരാക്കി മാറ്റുക എന്നതുമാണ്. അല്ലാഹുവിന്റെ റസൂലിന്റെ പ്രതീക്ഷയാണിത്. അത്കൊണ്ട് ഇതിനെന്തു മറുപടിയാണ് അവർ പറയാനുള്ളതെന്ന് എന്റെ സന്താനങ്ങളും എന്റെ സഹോദരന്മാരുടെ സന്താനങ്ങളും ചിന്തിക്കട്ടെ. അവർ തങ്ങളെക്കുറിച്ച് ചിന്തിച്ച് ഈ ശബ്ദത്തിന് ശേഷം അവരിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് ആലോചിക്കട്ടെ.

ഈ ഫാർസീ വംശജനുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഞങ്ങളെ ഹ. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه വിന്റെ വേദനാനിർഭരമായ ഈ സന്ദേശത്തെ മനസ്സിലാക്കിക്കൊണ്ട് ഞങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവരായി അല്ലാഹു ഞങ്ങളെ മാറ്റട്ടെ. ഞങ്ങളുടെ മക്കളും ഈ ഉത്തരവാദിത്വം നിറവേറ്റുന്നവരായിമാറട്ടെ. ഞങ്ങളുടെ കുടുംബത്തിൽ നിന്നും വിടപറഞ്ഞ മഹൽവ്യക്തിത്വത്തിന്റെ വേർപാട് കുടുംബത്തിലെ ആളുകളെ പ്രത്യേകിച്ചും ജമാഅത്തംഗങ്ങളെ പൊതുവിലും ഹ. മസീഹ് മൗഊദ് عليه السلام ജമാഅത്തിനെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ തിരിച്ചു വിടുന്നതാക്കിത്തീർക്കട്ടെ. ജമാഅത്തിന്റെ ഏതൊരു നിലവാരമാണ് അവിടുന്ന് കാണാൻ ആഗ്രഹിക്കുന്നതെന്ന് വിവിധ സന്ദർഭങ്ങളിൽ ആ മഹാത്മാവ് പ്രകടിപ്പിച്ചതാണ്.

എന്റെ ഉമ്മയുടെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ വിവരിക്കാം. ഹ.മുസ്‌ലിഹ് മൗഊദ് رضي الله عنه അന്നത്തെ അവസ്ഥ അനുസരിച്ച് അവരുടെ ഭൗതികവും ആത്മീയവുമായ വിദ്യാഭ്യാസത്തിലേക്ക് വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്. എഫ്.എ. വരെ പഠിപ്പിച്ചു. ഹ. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ഹ.സയ്യിദ അമത്തുൽ ഹയ്യ് സാഹിബ رضي الله عنها യുടെ വഫാത്തിൽ പറഞ്ഞിരുന്നു: സ്ത്രീകളുടെ വിദ്യാഭ്യാസവും ശിക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സ്കീം എന്റെ മനസ്സിൽ വന്നിട്ടുണ്ട്.അതിന്റെ പ്രവർത്തനരൂപം 1925 മാർച്ച് 17 ലാണ് നടന്നത്. അന്ന് ഒരു മദ്രസ തുടങ്ങി. എന്റെ ഉമ്മയും അതിലെ ആദ്യകാല വിദ്യാർത്ഥിനികളിൽ ഉൾപ്പെടുന്നു. 1929ൽ 7 സ്ത്രീകൾ മൗലവി ഫാസിലിന്റെ പരീക്ഷ നൽകി. എല്ലാവരും വിജയിക്കുകയും ചെയ്തു. അതിൽ എന്റെ ഉമ്മയും ഉൾപ്പെട്ടിരുന്നു. ഹ. മുസ്‌ലിഹ് മൗഊദ് رضي الله عنه തന്റെ മക്കളുടെ ആമീൻ ചടങ്ങിലും ഒരു പദ്യം എഴുതിയിട്ടുണ്ട്. അതും ദുആനിർഭരമാണ്. ചില മുതിർന്ന കുട്ടികളെക്കുറിച്ച് അതിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്റെ ഉമ്മ ഹ.സാഹിബ് സാദി നാസിറ ബീഗം സാഹിബയെക്കുറിച്ചും അതിൽ പരാമർശമുണ്ട്. അവരെക്കുറിച്ച് പറയുന്നു.

എന്റെ നാസിറ നന്മ നിറഞ്ഞ മകളാണ്. സൗഭാഗ്യവതിയും ബുദ്ധിശാലിയും, പരിശുദ്ധപ്രകൃതമുള്ളവളുമാണ്. ഈ ഗുണങ്ങൾ പിതാവ് എന്ന നിലയ്ക്കല്ല ഹ. മുസ്‌ലിഹ് മൗഊദ് رضي الله عنه വിന് കാണാൻ കഴിഞ്ഞത്. എന്റെ ഉമ്മയോടൊപ്പം ജോലിചെയ്യുന്ന പല സഹപ്രവർത്തകർക്കും ലജ്ന മെമ്പർമാർക്കും ഇത് കാണാൻ കഴിഞ്ഞിട്ടുണ്ട്. അവരും ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. അവരോടൊപ്പം ജോലിചെയ്തുകൊണ്ടിരുന്ന ഒരു സദ്ർ എഴുതുന്നു. ലജ്നയുടെ തർബിയ്യത്ത് കാര്യത്തിൽ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിന്നായി പുത്തൻ മാർഗങ്ങൾ ആലോചിക്കുമായിരുന്നു. പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. ഞങ്ങളോട് പറയുകയും ചെയ്തിരുന്നു. റബ്വയിലെ ഓരോ സ്ത്രീയും പെൺകുട്ടിയും ശിക്ഷണ കാര്യത്തിൽ ഉന്നതനിലവാരം പുലർത്തുന്നവരായിരിക്കണം എന്നവർ ആഗ്രഹിച്ചിരുന്നു. പലപ്പോഴും തന്നെ പർദ്ദയുടെ നിലവാരം താഴ്ന്നുപോകുന്നതായി കണ്ടാൽ, റോഡിലൂടെ നടക്കുന്ന സ്ത്രീയായാലും പെൺകുട്ടികളായാലും, അതല്ലെങ്കിൽ അഹ്മദി പെൺകുട്ടികളിൽ ഒരഹ്മദിക്ക് ചേരാത്ത രീതി കണ്ടാൽ അപ്പോൾ തന്നെ അവരുടെ അടുത്ത് ചെല്ലുകയും വാത്സല്യത്തോടെ അവരെ കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. ഒരു അഹ്മദി പെൺകുട്ടിയുടെ ജീവിത നിലവാരം ഏത് രീതിയിലായിരിക്കണം എന്ന് അവർക്ക് പറഞ്ഞുകൊടുക്കുമായിരുന്നു.

പർദ്ദയുമായി ബന്ധപ്പെട്ട ഹ. ഖലീഫത്തുൽ മസീഹ് റാബിഇന്റെ ഒരു ഉദ്ധരണി ഞാൻ കേൾപ്പിക്കാം. ഹ. ഖലീഫത്തുൽ മസീഹ് നാലാമന്റെ ഖിലാഫത്തിലുള്ള ആദ്യ ജൽസ 1982ലാണ് നടന്നത്. അന്ന് ലജ്ന ജൽസാഗാഹിൽ നടത്തിയ പ്രഭാഷണത്തിൽ പർദ്ദയെക്കുറിച്ചും പറഞ്ഞു. അതിൽ എന്റെ ഉമ്മയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു. ഞങ്ങൾക്ക് ഒരു സഹോദരിയുണ്ട്. ചെറുപ്പത്തിൽ തന്നെ

പർദ്ദയുടെ കാര്യത്തിൽ അവർ കർശന നിലപാടുകാരിയാണ്. കാരണം ഹ. മുസ്‌ലിഹ് മൗഊദ്ﷺന്റെ തർബിയ്യത്തിലുള്ള ആദ്യകാല തലമുറയിൽ പെട്ടവരാണവർ. മുസ്‌ലിഹ് മൗഊദ് ﷺവീട്ടിൽ ചെയ്യുന്നത് അവർ കണ്ടതാണ്. പെൺകുട്ടികളെ ഏതുരീതിയിലാണ് വീട്ടിൽ നിന്നും പുറത്തേക്ക് കൊണ്ടുവന്നിരുന്നത് എന്നും അവർ കണ്ടിട്ടുണ്ട്. അത് അവരുടെ പ്രകൃതത്തിൽ ഇഴകിച്ചേർന്നിരിക്കുന്നു. ഈ സ്വഭാവത്തിൽനിന്നും അവർക്ക് മാറാനേ സാധ്യമല്ല. ഇവരെക്കുറിച്ച് നമ്മുടെ ചില പെൺകുട്ടികൾ പറയാറുള്ളത്,ഇവർ വളരെ പഴഞ്ചനാണ്, ഇവരെ ഒന്നും പറയേണ്ടതില്ല, ഇവർക്ക് വട്ടാണ്, പഴമക്കാരിയാണ്, ഇവർ ഇങ്ങനെയൊക്കെ പറയും എന്നാണ്. എന്നാൽ എനിക്ക് ചോദിക്കാനുള്ളത് ഈ കുട്ടികൾ പറയുന്ന പഴയകാലം എന്നതുകൊണ്ട് ഏത് കാലമാണ് ഉദ്ദേശിക്കുന്നത്. എനിക്കോർമ്മയുള്ള പഴയ കാലം തിരുനബി ﷺ യുടെ കാലമാണ്. അതുകൊണ്ട് ആ പഴയ കാലത്തെക്കുറിച്ചോർത്താണ് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങളുടെ ഇഷ്ടം. അവരും അല്ലാഹുവും തമ്മിലുള്ള ഇടപാടായിരിക്കട്ടെ. എന്നാൽ എന്റെ ഈ സഹോദരി തഖ്‌വയിൽ നിലനിന്നുകൊണ്ടാണ് ഇക്കാര്യത്തിൽ കാർക്കശ്യം കാണിക്കുന്നത്.

അവർ ഒരു ദീർഘകാലം റബ്‌വയുടെ സദ്ർ ലജ്ന ആയിട്ടുണ്ട്. അപ്പോഴെല്ലാം തന്നെ പാക്കിസ്ഥാനിലെ മറ്റു ലജ്നകളിൽ നിന്നെല്ലാം റബ്‌വയെ മുമ്പിലെത്തിക്കാനാണ് അവർ ശ്രമിച്ചത്. അതിനായി കഴിവതും ശ്രമിച്ചിരുന്നു. വെറും സ്ഥാനം കിട്ടുക എന്ന ഉദ്ദേശ്യത്തിനല്ല, ചില സദ്ർമാരും ഖാഇദുമാരും സഈമുമാരും എല്ലാം അതിനായി മാത്രം ചിലത് ചെയ്യും. എന്നാൽ എന്റെ ഉമ്മ ചിന്തിച്ചിരുന്നത് റബ്‌വയിൽ കാലത്തിന്റെ ഖലീഫ ഉള്ളതുകൊണ്ട് വിളക്കിന് താഴെ ഇരുട്ടാണെന്ന് ആരും പറയാതിരിക്കാനും വേണ്ടിയായിരുന്നു. ഖലീഫ ഉണ്ടായിട്ടും ഇവരുടെ നിലവാരം മറ്റുള്ളവരെക്കാളും മോശമാണെന്ന് ആരും പറയാതിരിക്കാനായിരുന്നു ഈ ശ്രമം. അതോടൊപ്പം അല്ലാഹുവിന്റെ പ്രീതിയും പ്രതീക്ഷിച്ചിരുന്നു.

ഒരു സ്ത്രീ എഴുതുന്നു. അവരുടെ തീരുമാനങ്ങളെല്ലാം വളരെ ദീർഘദൃഷ്ടിയോടുകൂടിയുള്ളതായിരുന്നു. അഭിപ്രായങ്ങൾ ചോദിക്കാറുണ്ട്. അഭിപ്രായം പറയുന്നവരെ ആദരിച്ചിരുന്നു.മൗലാനാ അബുൽ മാജിദ് നൂറുൽ ഹഖ് സാഹിബിന്റെ ഭാര്യ എഴുതുന്നു.ഞാൻ ഒരു ദീർഘകാലം എന്റെ ഹൽഖയുടെ സദറായി ജോലി ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസം,ശിക്ഷണം,വൈജ്ഞാനിക പുരോഗതി എന്നിവയിൽ ഉന്നതി കൈവരിക്കാനായി തന്റെ മെമ്പർമാരോട് അവർ പറഞ്ഞിരുന്ന ഒരു കാര്യം ദുർറെ സമീൻ, കാലാമെ മഹ്മൂദ് എന്നീ കവിതാ സമാഹാര ഗ്രന്ഥങ്ങളിൽ നിന്ന് ഈ രണ്ട് വരി പദ്യങ്ങൾ മനഃപാഠമാക്കി ഓരോ യോഗത്തിലും വരണമെന്നാണ്. ഇതിൽ നിന്നുമുള്ള ഗുണം,പദ്യങ്ങളിലൂടെ അറിവും ജ്ഞാനവും വർദ്ധിക്കുന്നതോടൊപ്പം ഇജ്തിമാ നടക്കുമ്പോൾ ബൈത്ത്ബാസി എന്ന പരിപാടിയിൽ റബ്‌വയിലെ ലജ്ന എപ്പോഴും ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. അവർക്ക് സ്വയം കുറേ പദ്യങ്ങൾ ഓർമ്മയുണ്ടായിരുന്നു.

എനിക്കും ഈ കാര്യം അറിയാം. ഉമ്മാക്ക് കുറേ പദ്യങ്ങൾ ഓർമ്മയുണ്ടായിരുന്നു. ഇമാം സാഹിബിന്റെ ഭാര്യ എനിക്കെഴുതുന്നു. ഒരിക്കൽ എന്റെ ഉമ്മയുടെ കൂടെ സ്ത്രീകളോടൊപ്പം സിയാൽ കോട്ടിലേക്ക് ഒരു ജമാഅത്ത് തല യാത്ര പോകാനുള്ള അവസരം അവർക്ക് ലഭിച്ചു. അപ്പോൾ അവർ പറഞ്ഞു. നാം യാത്ര ചെയ്യുന്ന ഈ വാനിൽ ഇരുന്ന്കൊണ്ട് അതുമിതും പറയാതെ നമുക്ക് ബൈത്ത് ബാസി (അക്ഷരശ്ലോക മത്സരം) നടത്താം. യാത്രയും നല്ല രീതിയിൽ കഴിഞ്ഞുകിട്ടും. മാത്രമല്ല അനാവശ്യ സംസാരങ്ങളിൽ നിന്ന് നമുക്ക് മോചനവും ലഭിക്കുന്നതാണ്. അങ്ങനെ ആ യാത്ര ഉടനീളം ബൈത്ത് ബാസി നടന്നു. എല്ലാവരും അതിൽ വളരെ Enjoy ചെയ്തു.

എന്റെ പിതാവ് മിർസാ മൻസൂർ അഹ്മദ് സാഹിബിനും ദുർറെ സമീനിലെ കുറെ വരികൾ നല്ലപോലെ മനഃപാഠമായിരുന്നു. **ഏ ഖുദാ ഏ കാറ് സാസോ ഗൈസ് പോശോ കിർദ്ഗാർ** എന്ന സുദീർഘമായ പദ്യം പൂർണ്ണമായും മനഃപാഠമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. യാത്രയിൽ ഞങ്ങൾ പോകുമ്പോഴൊക്കെ ബൈത്ത്ബാസി മത്സരം തുടങ്ങുമായിരുന്നു. ഉമ്മയുടെ ഒരു ടീമും ഉപ്പയുടെ മറ്റൊരു ടീമും. കുട്ടികളായ ഞങ്ങൾക്ക് താത്പര്യം ഉണ്ടാകുന്നതിനായി ഞങ്ങളെയും അവരോടൊപ്പം കൂട്ടുമായിരുന്നു. ഇതേപോലെ ഉമ്മാക്ക് ഖസീദ മനഃപാഠമായിരുന്നു. അവസാനകാലത്ത് ഓർമ്മശക്തി കുറയുന്നുണ്ടെന്ന് തോന്നിയപ്പോൾ ചില പദ്യവരികളും വാക്കുകളും പെട്ടെന്ന് ഓർമ്മ വരാതിരുന്നപ്പോൾ തന്റെ പേരക്കുട്ടികളിൽ ആരാണോ അടുത്തുള്ളത് (ഉപ്പാക്ക്ശേഷം) അവരെ വിളിച്ച് പുസ്തകം നൽകി അത് എന്താണെന്ന് കേൾക്കുമായിരുന്നു. നിത്യേനയുള്ള ശീലം രാത്രിയിൽ **യാ അയ്ന ഫൈളില്ലാഹി വൽ ഇർഫാനീ** എന്ന ഖസീദ എഴുപതുവരിയും പൂർണ്ണമായി ചൊല്ലിയതിനുശേഷമാണ് ഉറങ്ങാറുണ്ടായിരുന്നത്. അവസാന നിമിഷം വരെ ഒന്നോ രണ്ടോ വരികൾ മറന്നു പോയിട്ടുണ്ടെങ്കിലല്ലാതെ പൊതുവിൽ മുഴുവനും തന്നെ ഓർമ്മയുണ്ടായിരുന്നു. ഇതേപോലെ വിശുദ്ധ ഖുർആനിൽ ചിന്തിച്ചുകൊണ്ടാണ് പാരായണം ചെയ്തിരുന്നത്.

ചിലപ്പോൾ പകൽ ജോലിയിൽ നിന്നെല്ലാം വിരമിച്ചാൽ വീട്ടിലും ജോലി ചെയ്തിരുന്നു. വീട്ടിൽ ജോലി ചെയ്യുന്നവരെ സഹായിക്കുകയും ചെയ്തിരുന്നു. പല ജോലികളിലും പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. ലജ്നയുടെ ജോലികളും കൂടെ നടക്കുമായിരുന്നു ഇതിൽ നിന്നെല്ലാം വിരമിച്ചതിനുശേഷം സുബ്ഹിക്ക് ഖുർആൻ സ്ഥിരമായി പാരായണം ചെയ്യുന്നതു കൂടാതെ പത്തു മണിക്ക് ശേഷം ഒന്നൊന്നര മണിക്കൂർ വിശുദ്ധ ഖുർആൻ എടുത്ത് വായിക്കുന്നതായും അതിനെക്കുറിച്ച് ചിന്തിക്കുന്നതായും ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ തന്റെ അറിവ് ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. വളരെ ഗഹനമായ വായനയായിരുന്നു. ഹ. മസീഹ് മൗഊദ് عليه السلامന്റെ ഗ്രന്ഥങ്ങളും വളരെ ശ്രദ്ധാപൂർവ്വം വായിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ മൗലവി ഫാസിലിന്റെ പരീക്ഷ പാസ്സായിരുന്നു. അറബി ഭാഷ പഠിച്ചിരുന്നു. അറബി ഗ്രന്ഥങ്ങളും വായിച്ചിരുന്നു. ശരിക്കും അറബി അറിയാമായിരുന്നു.

മറ്റുള്ളവരോട് സഹാനുഭൂതി പ്രകടിപ്പിച്ചിരുന്നു. തന്റെ കഴിവിന്റെ പരമാവധി സഹായിച്ചിരുന്നു. പണമായും വസ്തുക്കളായും നൽകിയിരുന്നു. മറ്റുള്ളവരെയും ഇക്കാര്യത്തിൽ പ്രേരിപ്പിച്ചിരുന്നു. ഇന്ന വ്യക്തി സഹായത്തിന് അർഹയാണ്, അവരെ സഹായിക്കുക എന്ന് അവരോട് പറഞ്ഞിരുന്നു. അതുകൊണ്ട് സാമ്പത്തിക ശേഷിയുള്ള, അവരുമായി പരിചയമുള്ള ചിലർ പണം അവരുടെ കൈവശം നൽകി നിങ്ങൾ തന്നെ വിതരണം ചെയ്യുക എന്ന് പറഞ്ഞ് ഏൽപ്പിച്ചിരുന്നു. റബ്‌വയുടെ ഒരു ദീർഘകാല സദർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതുകൊണ്ട് വിവിധ മഹല്ലിലുള്ള പാവങ്ങളെ നേരിട്ട് അറിയുകയും ചെയ്യുമായിരുന്നു. അവരുടെ ചുറ്റുപാടുകളെക്കുറിച്ച് അറിയാമായിരുന്നു. ചൗധരി ഹമീദുല്ലാഹ് സാഹിബ് എന്നോട് പറയുകയുണ്ടായി. അദ്ദേഹം ഇംദാദ് ഗ്ദം കമ്മിറ്റിയുടെ സദ്ർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സദ്ർ ലജ്ന റബ്‌വയുടെ ഭാഗത്ത് നിന്ന് വരുന്ന സഹായത്തിനുള്ള അപേക്ഷകളെക്കുറിച്ച് ഞങ്ങൾക്ക് പൂർണ്ണ സംതൃപ്തിയായിരുന്നു. കാരണം അവയെല്ലാം പൂർണ്ണമായും പരിശോധിച്ചതിനുശേഷം അർഹതപ്പെട്ടവർക്ക് ശരിയായ ശുപാർശയോടുകൂടിയായിരിക്കും അയച്ചിട്ടുണ്ടാവുക. അതിനെക്കുറിച്ച് പിന്നീടൊരു അന്വേഷണത്തിന്റെ ആവശ്യം വരാറില്ല.

അവരുടെ സദാറത്ത് വെറും ഓഫീസിൽ ഒതുങ്ങുന്നതോ സംഘടന തലത്തിൽ മാത്രം ഒതുങ്ങുന്നതോ ആയിരുന്നില്ല. ലജ്ന സദ്ർ റബ്‌വ ആയതു കാരണം ഓരോ വീടുമായും വ്യക്തിപരമായ ബന്ധം ഉണ്ടായിരുന്നു. റബ്‌വയുടെ ലജ്ന സംവിധാനം ആദ്യം കേന്ദ്ര ലജ്നയുടെ മേൽനോട്ടത്തിലാണ് നടന്നിരുന്നത്. ജനുവരി 1953 ൽ ലജ്ന റബ്‌വയെ കേന്ദ്ര ലജ്നയിൽ നിന്നും വേർപ്പെടുത്താൻ തീരുമാനമായി. എന്നാൽ സദ്ർ ലജ്ന റബ്‌വ മർക്കസിയ്യ കമ്മിറ്റിയുടെ മെമ്പറാ

യി തുടർന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റബ്വയിലെ മഹല്ലുകളിൽ നിന്നും ആരെയാണ് പ്രസിഡന്റ് ആക്കേണ്ടതെന്ന അഭിപ്രായം ആരാഞ്ഞപ്പോൾ ഐക്യകണ്ഠമായി സാഹിബ് സാദീ നാസിറ ബീഗം സാഹിബയെ സദ്ർ ആക്കാനാണ് തീരുമാനം വന്നത്. ലജ്നയുടെ ചരിത്ര ഗ്രന്ഥത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അവരെ സദ്ർ ലജ്നയായി നിയമിച്ചത്. 1988,89 വരെ അവർ സദ്ർ ലജ്നയായിരുന്നിട്ടുണ്ട്. അതിനു ശേഷം അനാരോഗ്യം കാരണം ക്ഷമാപണം നടത്തുകയുണ്ടായി. എന്നാലും ഒരു പ്രവർത്തക എന്ന നിലക്ക് ലജ്നയുടെ പ്രവർത്തനങ്ങൾ ചെയ്തുപോന്നിട്ടുണ്ട്. സെക്രട്ടറി ഖിദ്മത്തെ ഖൽക്ക് എന്ന നിലക്ക് തുടർന്ന് പ്രവർത്തിച്ചിട്ടുണ്ട്. അവരുടെ സദാറത്തിൽ ലജ്ന റബ്വ എല്ലാ വകുപ്പിലും ഉന്നത പ്രവർത്തനം കാഴ്ചവെച്ചു.

പരിചയമുള്ളവരിൽ നിന്നുമുള്ള അനുശോചന സന്ദേശങ്ങളിൽ ഒരു കാര്യം പൊതുവിൽ കാണുന്നത്, അവരെ കാണാൻ പോയപ്പോഴെല്ലാം പ്രസന്നമുഖത്തോടെയാണ് മുലാഖാത്ത് നടത്തിയത് എന്നാണ്. സത്ക്കരിച്ചിരുന്നു. കാലാവസ്ഥക്കനുസരിച്ച് എന്താണൊ ഉള്ളത് അത് നൽകിയിരുന്നു. കുട്ടികളെ ലാളിച്ചിരുന്നു. നല്ല ഉൾക്കാഴ്ചയും ദീർഘവീക്ഷണവും ഉണ്ടായിരുന്നു. മുഖലക്ഷണം നോക്കി കാര്യങ്ങൾ മനസ്സിലാക്കും. വർത്തമാനം ചോദിക്കും. ദുആയിൽ ശ്രദ്ധിക്കാനും പരിശുദ്ധ മാറ്റം വരുത്താനും പറയുമായിരുന്നു. മക്കളുടെ തർബിയ്യത്ത് കാര്യത്തിൽ പ്രാർത്ഥനയിൽ ശ്രദ്ധിക്കാൻ പറയുമായിരുന്നു.

അതിഥി സൽക്കാരത്തെക്കുറിച്ച് ഇവിടെ പരാമർശം വരികയുണ്ടായി. അവർ ദീർഘകാലം റബ്വയിലെ സദ്റായിരുന്നപ്പോൾ റബ്വയിലെ വിവിധ മഹല്ലിലുള്ള സദ്ർമാരുടെ മീറ്റിങ്ങുകൾ ഒരു നീണ്ട കാലം വരെ ഞങ്ങളുടെ വീട്ടിൽ വെച്ചുതന്നെയാണ് നടന്നിരുന്നത്. ഞങ്ങളുടെ വീട്ടിൽ വിശാലമായ വരാന്ത ഉണ്ടായിരുന്നു. അതിന് 40 അടി നീളമുണ്ടാകും. അതിലാണ് എല്ലാം ഒരുക്കിയിരുന്നത്. മീറ്റിങ്ങുള്ള ദിവസങ്ങളിൽ അസറിന് ശേഷം ഉടനെ ഞങ്ങൾക്ക് വീട്ടിൽ നിന്നും പുറത്ത് പോകേണ്ടതായി വന്നിരുന്നു. കാരണം എല്ലാ റൂമിലേക്കുമുള്ള വഴികൾ അടയുമായിരുന്നു. വീട് പൂർണ്ണമായും ലജ്നകളുടെ നിയന്ത്രണത്തിലായിരിക്കും. റൂമിനകത്ത് കുടുങ്ങിപ്പോയാൽ രണ്ട് മണിക്കൂർ അകത്ത് തന്നെ ഇരിക്കേണ്ടതായിവരും. കാരണം പുറത്ത് കടക്കാൻ മറ്റു വഴികളൊന്നും ഉണ്ടാകില്ല. ഏകദേശം നൂറ്റമ്പത് ഇരുന്നൂറ് പേർ അടങ്ങുന്നതായിരിക്കും ഈ മീറ്റിംഗ്. അവർക്ക് വേണ്ടി കാലാവസ്ഥക്കനുസരിച്ച് ചായയോ ശർബത്തോ നൽകിയിരുന്നു. കഴിക്കാനും വല്ലതും നൽകുമായിരുന്നു. ഇതത്രയും അവർ സ്വയം വഹിക്കുകയാണ് ചെയ്തത്.

എന്റെ ക്ലാസ്ഫെലോ അതിഥി സത്കാരത്തെക്കുറിച്ച് എഴുതുന്നു. ഒരു ഹാജി സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹം ഇടക്കിടക്ക് വരും. ഒരിക്കൽ മുറ്റത്ത് ഇങ്ങിനെ നടക്കുകയായിരുന്നു. അപ്പോൾ ഹാജി സാഹിബ് പുറത്ത് വന്നതായി അറിഞ്ഞു. ഉമ്മ എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു. ഹാജി സാഹിബ് വന്നിട്ടുണ്ട്. അദ്ദേഹത്തെ അകത്ത് വിളിച്ചിരിത്തുക. ഭക്ഷണം കഴിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുക. ഇതുപോലെ അതിഥി സത്ക്കാരത്തിന്റെ കാര്യത്തിൽ പ്രത്യേകം താൽപര്യമുണ്ടായിരുന്നു.

മറ്റുള്ളവരോടുള്ള സഹാനുഭൂതിയെക്കുറിച്ച് ഒരാൾ എനിക്കെഴുതി; എന്റെ ഉമ്മക്ക് ഈ വ്യക്തിയുടെ അവസ്ഥ അത്ര നല്ലതല്ല എന്നും പ്രയാസത്തിലാണെന്നും കുട്ടികളെ പുറത്തേക്കയക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും അറിഞ്ഞു. അവർ തന്റെ നമസ്ക്കാരപടം അയച്ചുകൊണ്ട് പറഞ്ഞു.ഞാൻ ഇതിൽ നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ മക്കൾക്ക് വേണ്ടിയും കുറേ ദുആ ചെയ്തിട്ടുണ്ട്.കുട്ടികൾക്ക് പുറത്തേക്ക് പോകാനുള്ളത് ശരിയാകുന്നതാണ്. അദ്ദേഹം എഴുതുന്നു. അതിനു ശേഷം അല്ലാഹു അപ്രതീക്ഷിതമായ മാർഗങ്ങൾ ഒരുക്കുകയും എല്ലാവർക്കും പുറത്ത് പോകാൻ സാധിക്കുകയും ചെയ്തു. ബാക്കിയുള്ള ഒന്ന് രണ്ട് കുട്ടികൾക്ക് അടുത്തിടെ വിസ ലഭിക്കുകയും ചെയ്തു.

എഴുതുന്നു. ദുആ അവർ ചെയ്യുന്നു എന്ന് മാത്രമല്ല,ആരിൽ നിന്നോ ഇന്ന വ്യക്തിക്ക് പ്രയാസമുണ്ടെന്ന് കേൾക്കുന്നു. അപേക്ഷിക്കാതെ തന്നെ ദുആ ചെയ്യുന്നു.എന്നിട്ട് സന്ദേശം അയക്കുകയും ചെയ്യുന്നു.

ഒരിക്കൽ എന്റെ ഉമ്മ ഒരു സ്വപ്നം കേൾപ്പിച്ചു. സ്വപ്നത്തിന്റെ ഒരു ഭാഗമാണോ കേൾപ്പിച്ചത് എന്നോർക്കുന്നില്ല. സ്വപ്നം ഞാൻ മറന്നു പോയി. അവർ തിരുനബി ﷺ യെ ദർശനത്തിൽ കണ്ടിട്ടുണ്ട് എന്ന് അത് കേൾപ്പിച്ച് എന്നോട് പറഞ്ഞിരുന്നു.

ഇതേപോലെ ജർമ്മനിയിൽ ജമാഅത്തിന്റെ ശോഭനമായ ഭാവിയെക്കുറിച്ച് അവർ ഒരു ദർശനം കണ്ടിരുന്നു. ഈ പ്രാവശ്യം ഞാൻ ജർമ്മനിയിൽ പോയപ്പോൾ ജർമ്മനി ജമാഅത്തിന്റെ വളർച്ചയും ബന്ധവും കണ്ടപ്പോൾ ഉടനെ എനിക്ക് എന്റെ ഉമ്മയുടെ സ്വപ്നവും ഓർമ്മ വന്നിരുന്നു. ഇതെല്ലാം തന്നെ ശോഭനമായ ഭാവിയിലേക്കുള്ള പ്രയാണമായിരിക്കട്ടെ. വഴികളെല്ലാം തുറന്നുകൊണ്ടേയിരിക്കുമാറാകട്ടെ.

ഉമ്മയുടെ മറ്റൊരു ഗുണം ചന്ദയുടെ കണക്ക് സൂക്ഷിക്കുന്നതാണ്. കൃത്യമായി കണക്ക് വെക്കും. സ്വത്തിൽ നിന്ന് എന്തെല്ലാം വരുമാനം ലഭിക്കുമോ അവയുടെ ചന്ദ വസിയ്യത്ത്, ജൽസാ സാലാന എല്ലാം കൃത്യമായി നൽകിയിരുന്നു. തഹ്രീഖ് ജദീദ്, വഖ്ഫ് ജദീദ് എന്നിവയ്ക്ക് വേണ്ടിയുള്ള വാഗ്ദാനങ്ങൾ പൂർത്തിയാക്കും. അതേപോലെ മറ്റു പദ്ധതികളിൽ അവരുടെ വാഗ്ദാനങ്ങൾ എത്രയുണ്ടോ അവയെല്ലാം വീട്ടുമായിരുന്നു. ഞാൻ അവിടെ ഉള്ളപ്പോഴെല്ലാം ചന്ദയുടെ കണക്കുകൾ എന്നെക്കൊണ്ട് ചെയ്യിപ്പിച്ചിരുന്നു. എന്നെയാണ് പണമടക്കാൻ പറഞ്ഞയച്ചിരുന്നത്. കണക്ക് കൃത്യമല്ലേ, വല്ല കുറവും വന്നിട്ടുണ്ടോ എന്ന് വീണ്ടും വീണ്ടും ചോദിക്കും. അവർക്ക് വിവിധ തരത്തിലുള്ള വരുമാനങ്ങളുണ്ടായിരുന്നു. വിവിധ സ്വത്തുക്കൾ ഉണ്ടായിരുന്നു. ഏതെങ്കിലും സ്വത്തിലെ കണക്കിൽ വല്ല പിഴവും വന്നിട്ടുണ്ടെന്ന് പിന്നീട് അറിഞ്ഞാൽ ഇത്ര ചന്ദ കൂടി കൂടുതൽ അടക്കണം എന്ന് പറഞ്ഞാൻ ഉടനെ അതടക്കുമായിരുന്നു. ചന്ദ മജ്ലിസും (ലജ്ന ചന്ദ) കൃത്യമായി അടച്ചിരുന്നു. ഇതിൽ ചിലർ അലസത കാണിക്കാറുണ്ട്. തന്റെ വരുമാനമനുസരിച്ച് നൽകിയിരുന്നു. ഇതിൽ വരുമാനമനുസരിച്ച് ഒരു പക്ഷെ അവരായിരിക്കും ഏറ്റവും കൂടുതൽ കൊടുക്കുന്നുണ്ടാകുക. കണക്കുകളെല്ലാം വളരെ സൂക്ഷ്മതയോടെയാണ് ചെയ്തിരുന്നുത്.

ഡോക്ടർ നൂരി സാഹിബ് അനുശോചന സന്ദേശം അയച്ചുകൊണ്ട് അതിൽ ഉമ്മയുടെ ഒരു കത്തും അയച്ചിട്ടുണ്ട്. 1999 ൽ ഞാൻ ജയിലിൽ നിന്നും മോചിതനായതിനുശേഷം നൂരീ സാഹിബ് അവർക്കൊരു കത്തയച്ചിരുന്നു. അതിന്റെ മറുപടിയായി എഴുതി. അസീസം നൂരി അസ്സലാമു അലൈക്കും. താങ്കളുടെ കത്ത് കിട്ടി അതിൽ അസീസം മസ്റൂറിന്റെ തിരിച്ചുവരവിൽ സന്തോഷം പ്രകടിപ്പിച്ചിരിക്കുന്നു. അല്ലാഹു വളരെ ഫള്ൽ ചെയ്യുകയുണ്ടായി. ശത്രുക്കളുടെ പദ്ധതി വളരെ മോശമായിരുന്നു. അല്ലാഹു തന്റെ ഫള്ല് കൊണ്ട് തന്റെ ശക്തിപ്രഭാവം പ്രകടിപ്പിക്കുകയുണ്ടായി. എത്രതന്നെ നന്ദി രേഖപ്പെടുത്തിയാലും കുറവാണ്. റബ്വയിലെ ഓരോ വ്യക്തിയും റബ്വക്ക് പുറത്തുള്ളവരും വേദനാനിർഭരമായ ദുആകൾ ചെയ്തിട്ടുണ്ട്. അല്ലാഹു അവരുടെ ദുആകൾ സ്വീകരിക്കുകയുണ്ടായി. അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ്. ഭാവിയിലും അല്ലാഹു എല്ലാവരെയും സംരക്ഷിക്കുമാറാകട്ടെ.

ഇതും അവരുടെ വിനയത്വമാണ്. നന്ദിപ്രകാശനത്തിന്റെ മറ്റൊരു മാതൃകയാണ്. ഒരുമ്മ എന്ന നിലക്ക് ഞാൻ കുറെ ദുആ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞില്ല. എനിക്ക് വേണ്ടി എത്രയോ ദുആ ചെയ്തിട്ടുണ്ടാകും. എന്നാൽ ജമാഅത്തംഗങ്ങളുടെ ദുആക്കാണ് ഏറ്റവും പ്രാധാന്യം നൽകിയത്. ദുആ ചെയ്യുമ്പോൾ കുടുസ്സായ മനഃസ്ഥിതിയും കാണിച്ചില്ല. അല്ലാഹു തആല എന്നെയും എന്റെ കുട്ടികളെയും സംരക്ഷിക്കട്ടെ എന്ന് പറയാതെ എല്ലാവരെയും തന്റെ സംരക്ഷണത്തിൽ വെക്കട്ടെ എന്നാണ് ദുആ ചെയ്തത്.

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജമാഅത്തിന്റെ ഗുണ

ങ്ങൾ. ഈ ഗുണങ്ങൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ ന്റെ ഉന്നത മായ ശിക്ഷണം ലഭിച്ചതു കാരണം അവരിലൂടെ പ്രകടമാകുകയും ചെയ്തു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ വുമായി അവരുടെ പല സംഭ വങ്ങളുമുണ്ട്. ദൈർഘ്യ ഭയംകൊണ്ട് ഞാൻ അത് വിവരിക്കുന്നില്ല. അവരുടെ ഇന്റർവ്യൂ വന്നിട്ടുണ്ട്. അതിലും അവ കേൾക്കാൻ സാധി ക്കുന്നതാണ്. മാത്രമല്ല റിപ്പോർട്ടുകളിൽ വായിക്കാവുന്നതുമാണ്.

തന്റെ പ്രകൃതത്തിൽ നിയന്ത്രണവും ചിട്ടയും ശരിക്കും അവർക്ക് ഉണ്ടായിരുന്നു. എന്നാൽ എന്റെ മകൻ രണ്ട് മൂന്ന് വർഷം മുമ്പ് അവിടെ പോയി അവരെ കണ്ടപ്പോൾ എന്നെക്കുറിച്ച് ചോദിക്കുക യുണ്ടായി. മകൻ പറയുന്നു. ഉപ്പയെക്കുറിച്ച് സംസാരിച്ചപ്പോൾ അവ ർ വികാരഭരിതയായി.അല്ലാഹു അവരുടെ എല്ലാ ദുആകളും എനി ക്ക് വേണ്ടിയും എന്റെ സഹോദരീ സഹോദരങ്ങൾക്ക് വേണ്ടിയും ഞങ്ങളുടെ മക്കൾക്ക് വേണ്ടിയും പൂർത്തിയാക്കുമാറാകട്ടെ.

ഖിലാഫത്തിനുശേഷം എന്നോടുള്ള ബന്ധത്തിൽ പ്രത്യേകമായ ഒരു പരിവേഷം കൈവന്നിരുന്നു. ഫോണിൽ ഞാൻ സംസാരിക്കുമ്പോ ഴൊക്കെ എനിക്കത് തിരിച്ചറിയാമായിരുന്നു. ഞാൻ യാത്രയിൽ പോകുന്നതിനുമുമ്പേ ഉമ്മാക്ക് ഫോൺ ചെയ്യുമായിരുന്നു. എന്റെ അവസ്ഥ ഉമ്മയെക്കാൾ കൂടുതൽ മറ്റാരറിയാൻ. എന്റെ രീതിയും സംസാരശൈലിയും എല്ലാം അറിയാമായിരുന്നു. കാര്യങ്ങൾ ഞാൻ കുറച്ചെ സംസാരിക്കാറുള്ളൂ. സംസാരം കുറവാണ്. എപ്പോഴും പറ യാറുള്ളത് അല്ലാഹു നിങ്ങളുടെ സംസാരത്തിലും പ്രസംഗത്തിലും ബർക്കത്ത് ഇടുമാറാകട്ടെ. ഞാൻ നിങ്ങൾക്ക് വേണ്ടി നഫൽ നമ സ്ക്കരിക്കുന്നു എന്നും ഓരോ നമസ്ക്കാരത്തിലും ഒരു സുജൂദിലെ ങ്കിലും നിങ്ങൾക്കായി ദുആ ചെയ്യുന്നുണ്ടെന്നും പറയുമായിരുന്നു.

ഞാൻ ഖലീഫ ആയതിനുശേഷം ആദ്യമായി 2005 ൽ ഖാദിയാ നിൽ വെച്ചാണ് ഉമ്മയുമായി മുലാഖാത്ത് നടന്നത്. എന്നെ സംബ ന്ധിച്ച് ഒരു പ്രത്യേക അവസ്ഥ തന്നെയായിരുന്നു അത്. ഒരു പ്രത്യേക അനുഭവം തന്നെയായിരുന്നു. മുമ്പുള്ള ഖലീഫമാർക്ക് ഞാൻ അവ രിൽ നിന്നും കണ്ടിട്ടുള്ള ആദരവിന്റെ ബന്ധം എനിക്കുമുണ്ടായിരു ന്നു. മകൻ എന്ന നിലയിലുള്ള ബന്ധമായിരുന്നില്ല. ഖിലാഫത്തിനോ ടുള്ള ബന്ധമായിരുന്നു. അതിൽ ആദരവും ബഹുമാനവും ഉണ്ടാ യിരുന്നു. ഡോക്ടർ ഇബ്രാഹീം സാഹിബ്, ഇദ്ദേഹം മീർ മഹ്മൂദ് സാഹിബിന്റെ മകനാണ്, അവരുടെ ഇന്റർവ്യൂ എടുക്കുകയുണ്ടാ യി. പഴയ സംഭവങ്ങളെക്കുറിച്ച് ഇന്റെർവ്യൂ എടുത്തു. എന്റെ കാര്യവും അതിൽ പരാമർശിച്ചു. എന്റെ അടുത്ത് അവരുടെ കാസറ്റ് അയച്ചു തന്നിട്ടുണ്ട്. എന്നെ സംബന്ധിച്ച് പറഞ്ഞത് ഞാൻ അദ്ദേ ഹത്തെ ആദരിക്കുന്നതും ബഹുമാനിക്കുന്നതും കാലത്തിന്റെ ഖലീ ഫ ആയതുകൊണ്ടാണ് എന്നാണ്.

എന്റെ പ്രിയ ഉമ്മ ദീനിന്റെ ബന്ധം മറ്റെല്ലാ ബന്ധത്തെക്കാളും മുൻഗണന നൽകുകയുണ്ടായി. ഇവിടെ ഖിലാഫത്ത് എന്ന ബന്ധം മറ്റെല്ലാ ബന്ധത്തെക്കാളും മുഴച്ചുനിൽക്കുന്നു. ഖാദിയാനിൽവെച്ച് അവരെ കാണാൻ പോകുമ്പോൾ അവരുടെ മുഖത്ത് നിന്ന് സന്തോ ഷം തുളുമ്പുന്നുണ്ടായിരുന്നു. ഖാദിയാനിലുള്ള ദിവസങ്ങളിൽ എന്റെ ജോലിത്തിരക്കിൽ നിന്നും എനിക്ക് കിട്ടുന്ന ഒഴിവ് സമയത്ത് ഉമ്മയുടെ അടുത്ത് പോയിരിക്കും. എന്നെ കൂടെ ഇരുത്തി കുറെ സമയം സംസാരിക്കുമായിരുന്നു. ഖാദിയാനിലെ ഈ ദിനങ്ങൾ 15 ദിവസം മാത്രമാണുണ്ടായത്. അവിടെ നിന്ന് വിട പറഞ്ഞ് പാക്കി സ്ഥാനിലേക്ക് അവർ പോയി. ഡോക്ടർ ഫരഖ് സാഹിബ് ഇദ്ദേഹം മഹ്മൂദ് അഹ്മദ് സാഹിബിന്റെ ഇളയ മകനാണ്, അദ്ദേഹം എനി ക്കെഴുതുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ വഫാ ത്തിന്റെ സമയത്ത് ഞാൻ അവരുടെ അടുത്ത് പോകുകയും അനു ശോചനം അറിയിക്കുകയും ചെയ്തപ്പോൾ എന്നെ ഉപദേശിച്ചുകൊണ്ട് ദുആക്ക് വേണ്ടി പറയുകയുണ്ടായി. എന്നിട്ട് പറഞ്ഞു. പുതിയ ഖലീഫ ആരായാലും അവരെ ബൈഅത്ത് ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നൽകട്ടെ എന്നും അവരോട് ആത്മാർത്ഥ ബന്ധവും ആത്മാർപ്പണവും ഉണ്ടാകട്ടെ എന്നും ദുആ ചെയ്യുക.ചുരുക്കത്തിൽ അവരുടെ ബന്ധം ഖിലാഫത്തുമായി ആയിരുന്നു. അതിനായി പ്രാർത്ഥിക്കുകയും ഉപദേശിക്കുകയും ചെയ്തു. അല്ലാഹു അവർക്ക് സ്വർഗം പ്രദാനം ചെയ്യുമാറാകട്ടെ.

സംഭവങ്ങൾ വളരെ കൂടുതലാണ്. ഒരു കാര്യം മാത്രം അവസാന മായി ഞാൻ കേൾപ്പിക്കാം.

1913 ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ അൽഫള്ൽ എന്ന പത്രം തുടങ്ങാൻ തീരുമാനിച്ചു. ഹദ്റത്ത് ഉമ്മെ നാസിർ സാഹിബ പ്രഥമ മൂലധനം എന്ന നിലയ്ക്ക് തന്റെ ചില ആഭരണങ്ങൾ അതിനായി സമർപ്പിക്കുകയുണ്ടായി.ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ പറയുന്നു. ഹദ്റത്ത് ഖദീജ رضی اللہ عنہا യുടെ മനസ്സിൽ തിരുനബി ﷺ യെ സഹായി ക്കാനുള്ള വികാരം ഇട്ടുകൊടുത്തതുപോലെ അല്ലാഹു എന്നെ സഹായിക്കാൻ എന്റെ ഭാര്യയുടെ മനസ്സിലും വികാരം ഇട്ടുകൊടു ക്കുകയുണ്ടായി. പത്രങ്ങൾക്കായി പണം മുടക്കുക എന്നത് പൊട്ട ക്കിണറിൽ പണം എറിയുന്നതിന് തുല്യമായ പ്രവർത്തിയാണെന്ന് അവർക്കറിയാം. പ്രത്യേകിച്ച് മഹ്മൂദ് തുടങ്ങുന്ന ഒരു പത്രവും കൂടി ആകുമ്പോൾ. മാത്രമല്ല ആ കാലഘട്ടത്തിലെ ഏറ്റവും കൂടുതൽ ആക്ഷേപിക്കപ്പെട്ടവൻ കൂടി ആയിരിക്കെ. ( ഇത് ഹദ്റത്ത് മുസ്ലിഹ് മൗഊദിന്റെ വിനയത്വമാണ്.) അവർ എനിക്ക് രണ്ട് ആഭരണങ്ങൾ നൽകി. എന്നിട്ട് പറഞ്ഞു. ഇത് വിറ്റുകൊണ്ട് പത്രം തുടങ്ങുക. ഒന്ന് അവരുടെ സ്വർണ്ണവളയായിരുന്നു. മറ്റൊന്ന് ചെറുപ്പത്തിലുള്ള സ്വർണ്ണവളയും, അത് തന്റെ മകൾ നാസിറാ ബീഗമിനു വേണ്ടി മാറ്റി വെച്ചതായിരുന്നു. ഞാൻ ആഭരണങ്ങളുമായി ഉടനെ ലാഹോറിൽ പോയി 475 രൂപക്ക് രണ്ട് വളയും വിറ്റു. അതിൽ നിന്നാണ് അൽ ഫസൽ പത്രം തുടങ്ങിയത്.

അൽഫസൽ വായനക്കാർ അൽഫസൽ വായിക്കുമ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضی اللہ عنہ വിന്റെ പ്രിയ മകളും എന്റെ ഉമ്മയും ആയ ഈ മഹതിയേയും ദുആയിൽ ഓർക്കുക. അൽഫസൽ തുടങ്ങുന്ന തിൽ അവർ ബോധപൂർവ്വമല്ലെങ്കിലും തന്റെ മാതാപിതാക്കളോടൊപ്പം അവരും ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ന് ഈ അൽഫസൽ ഇന്റർനാ ഷണൽ ആയും പുറത്തിറങ്ങുന്നുണ്ട്. അല്ലാഹു അവരുടെ പദവി കൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

അവരുടെ ദുആകൾ എപ്പോഴും നമുക്ക് ലഭിക്കുമാറാകട്ടെ. ജുമുഅ നമസ്ക്കാരത്തിന് ശേഷം അവരുടെ ജനാസ നമസ്ക്കാരം ഗാഇബ് നമസ്ക്കരിക്കുന്നതാണ്.

അതോടൊപ്പം മറ്റു ജനാസകളുമുണ്ട്. ചൗധരി നദീർ അഹ്മദ് സാഹി ബിന്റെതാണ് അടുത്ത ജനാസ. ഇദ്ദേഹം ഗവൺമെന്റ് സർവ്വീസിലാ യിരുന്നു. 1981 റിട്ടേർ ആയതിനുശേഷം വഖ്ഫ് ചെയ്തു.ഖലീ ഫത്തുൽ മസീഹ് സാലിസ് നാഇബ് നാസിർ വക്കിലുസ്സറാഅത്ത് ആയി നിയമിച്ചു. 2003 വരെ ഈ വകുപ്പിലാണ് സേവനമനുഷ്ഠിച്ച ത്. വളരെ നല്ല രീതിയിലുള്ള സേവനങ്ങളാണ് സമർപ്പിച്ചിരുന്നത്. വളരെ വിനയത്വത്തോടും കഠിനാധ്വാനത്തോടും ഇതിൽ പ്രവർത്തി ച്ചു. ആഫ്രിക്കയിലെ ചില നാടുകളിലേക്ക് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ അയക്കുകയുണ്ടായി. സിന്ദിലെ ഭൂമി കാരണം ഞാനുമായും അടുത്ത ബന്ധമായിരുന്നു. വിനയമുള്ള ഒരു വ്യക്തി യായിരുന്നു. വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പ്രായത്തിൽ എന്നെക്കാളും എത്രയോ മുതിർന്നതാ യിരുന്നു. എന്നിട്ടും വളരെയധികം ബഹുമാനിച്ചിരുന്നു. കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് അവധി ദിനങ്ങളിൽ മൗലവി ശേർ അലി സാഹിബിന്റെ കൂടെ വിശുദ്ധ ഖുർആൻ തർജ്ജമ ഇംഗ്ലീഷിൽ ചെയ്യു ന്നതിന് സഹായിച്ചിട്ടുണ്ട്. അങ്ങനെ ഖുർആൻ തർജ്ജമയിലും ഇദ്ദേ ഹത്തിന് പങ്കുണ്ട്. രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയുമാണു ള്ളത്. അല്ലാഹു ഇവർക്കെല്ലാം ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഇദ്ദേ ഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. യുവത്വത്തിൽ തന്നെ ഇദ്ദേ

ഹത്തിന് തഹജ്ജുദിന്റെ ശീലമുണ്ടായിരുന്നു. ഞാനും ഇത് കണ്ടിട്ടുണ്ട്. എന്റെ കൂടെ യാത്ര ചെയ്യുമ്പോഴൊക്കെ രാത്രി മൂന്ന് മണിക്ക് അതല്ലെങ്കിൽ തഹജ്ജുദിനുള്ള സമയത്ത് എഴുന്നേൽക്കുമായിരുന്നു. വളരെ ഭക്തിയോടുകൂടി തഹജ്ജുദ് നമസ്ക്കരിക്കുമായിരുന്നു. ഇവരുടെ കുടുംബത്തിൽ ഈ കാരണം കൊണ്ട് സൂഫി നദീർ അഹ്മദ് സാഹിബ് എന്നാണ് അറിയപ്പെട്ടിരുന്നത്. വലിയ നമസ്ക്കാരക്കാരനായ നദീർ സാഹിബ് എന്നും പറയപ്പെട്ടിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ ദർജ്ജാത്തുകൾ ഉയർത്തുമാറാകട്ടെ.

മിർസാ റഫീഖ് അഹ്മദ് സാഹിബിന്റെ ജനാസയാണ് അടുത്തത്. ഇദ്ദേഹം ഖലീഫത്തുൽ മസീഹ് സാനി رضی اللہ عنہ ന്റെ ഏറ്റവും ഇളയ മകനായിരുന്നു. നാലഞ്ച് ദിവസം മുമ്പാണ് അദ്ദേഹവും വഫാത്തായത്. اِنَّا لِلّٰهِ وَاِنَّا اِلَيْهِ رَاجِعُوْنَ അദ്ദേഹത്തിന് പറയപ്പെടാവുന്ന ജമാഅത്തീസേവനങ്ങൾ ഒന്നും തന്നെയില്ല. അല്ലാഹു അദ്ദേഹത്തോടും മഗ്ഫിറത്ത് ചെയ്യുമാറാകട്ടെ. മൂന്ന് ആൺമക്കളും ഒരു പെൺകുട്ടിയുമുണ്ട്. ഖിലാഫത്തിനോട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥകൂറ് ഇവർക്കെല്ലാമുണ്ട്. അല്ലാഹു ഈ കുട്ടികൾക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് علیہ السلام ന്റെ വരവിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായിത്തീരട്ടെ. ജുമുഅ നമസ്ക്കാരത്തിന് ശേഷം ഇവരെല്ലാവരുടെയും ജനാസ ഗാഇബ് ഞാൻ നമസ്ക്കരിക്കുന്നതാണ്.

KHUTBA: HADRAT MIRZA MASROOR AHMED [atba]
on 2011 August 5 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**